**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 9** **29-01-2024 - ൽ മറുപടിയ്ക്ക്**

**കേരളീയം പരിപാടിയിലെ സ്പോൺസർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ. എ. പി. അനിൽ കുമാർ , ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കേരളീയം പരിപാടിയുടെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്പോൺസർഷിപ്പ് സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ; | (എ) | കേരളീയം പരിപാടി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്പോൺസർഷിപ്പ് മുഖാന്തിരം തുക സ്വീകരിച്ചിരുന്നു. സ്പോൺസർഷിപ്പ് വഴി തുക ലഭിക്കുന്നു എങ്കിൽ അത് കേരളീയത്തിനു വേണ്ടി ആരംഭിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ SB അക്കൗണ്ടിൽ നിക്ഷേപിക്കുവാനും മേൽപ്പറഞ്ഞ SB അക്കൗണ്ടിൽ ലഭിക്കുന്ന തുക അക്കൗണ്ട് ഉടമയായ ഉദ്യോഗസ്ഥൻ 1452-00-800-69- Reciept in connection with the conduct of Keraleeyam ശീർഷകത്തിൽ ഒടുക്കുവാനും നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | പ്രസ്തുത പരിപാടിയുടെ ഭാഗമായി സ്പോൺസർഷിപ്പ് സ്വീകരിക്കാൻ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | കേരളീയം പരിപാടി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്പോൺസർഷിപ്പ് മുഖാന്തിരം തുക സ്വീകരിച്ചിരുന്നു. സ്പോൺസർഷിപ്പ് വഴി തുക ലഭിക്കുന്നു എങ്കിൽ അത് കേരളീയത്തിനു വേണ്ടി ആരംഭിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ SB അക്കൗണ്ടിൽ നിക്ഷേപിക്കുവാനും മേൽപ്പറഞ്ഞ SB അക്കൗണ്ടിൽ ലഭിക്കുന്ന തുക അക്കൗണ്ട് ഉടമയായ ഉദ്യോഗസ്ഥൻ 1452-00-800-69- Reciept in connection with the conduct of Keraleeyam ശീർഷകത്തിൽ ഒടുക്കുവാനും നിർദ്ദേശം നൽകിയിരുന്നു. |
| (സി) | സർക്കാരുമായി കേസിൽ ഏർപ്പെട്ടതോ സർക്കാരിന് കുടിശ്ശിക നൽകാനുള്ളതോ ആയ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും സ്പോൺസർഷിപ്പ് ലഭിച്ചിരുന്നോ; എങ്കിൽ വ്യക്തമാക്കാമോ? | (സി) | കേരളീയം പരിപാടിക്ക് സ്വകാര്യ സ്ഥാപനങ്ങൾ സ്പോൺസർഷിപ്പ് വാഗ്ദാനം ചെയ്തിരുന്നു. സാമൂഹിക വികാസത്തിലും വ്യാവസായിക മുന്നേറ്റത്തിലും നൂതന വിദ്യാഭ്യാസ രംഗത്തുമെല്ലാം കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനായി സംഘടിപ്പിച്ച കേരളീയം പരിപാടി വിജയിപ്പിക്കുന്നതിന് വിവിധ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | സർക്കാരുമായി സഹകരിക്കാൻ മുന്നോട്ടു വന്നതിന്റെ ഭാഗമായാണ് സ്പോൺസർഷിപ്പ് ലഭ്യമായത്. |

സെക്ഷൻ ഓഫീസർ